# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, വയനാട്

SL No.7/2008/DOW നോർത്ത് കൽപ്പറ്റ,

കാററഗറി നമ്പർ : 85/ 2006. തീയതി: 3-11-08.

## <u>വിജ്ഞാപനം</u>

13-10-2006 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം **വയനാട് ജില്ലയിൽ** വിദ്യാഭ്യാസ വകുപ്പിൽ 4600-7125 രൂപ ശമ്പള നിരക്കിൽ **ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഉറുദു)** തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 85/ 2006) തെരഞ്ഞെടുപ്പിനായി 9-2-2008തീയ്യതിയിൽ നടത്തിയ **എഴുത്ത്** പരീക്ഷയുടെ അടിസ്ഥാനത്തിൽ അഭിമുഖത്തിന് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നുകണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഈ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തി യിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

.

## <u>മുഖ്യപട്ടിക</u>

| | | | | | |
|---|---|---|---|---|---|
| W202 | W203 | W206 | W207 | W208 | W209 |
| W210 | W211 | W212 | W214 | W215 | W219 |
| W221 | W225 | W226 | W227 | W228 | W229 |
| W230 | W231 | W233 | W235 | W236 | W237 |
| W238 | W239 | W240 | W241 | W242 | W243 |
| W245 | W247 | W248 | W249 | W250 | W251 |
| W253 | W254 | W255 | W256 | W259 | |

**കുറിപ്പ്: 1** അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്ററർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് അഭിമുഖത്തിന് വിളിക്കപ്പെടുന്നതിനോ അതിനുശേഷം റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിനോ യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2: ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിന് ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല..

3: ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് യോഗ്യത, ജനനതീയ്യതി, ജാതി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ നേരത്തെ ഹാജരാക്കാത്തവർ ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം **ജില്ലാ ആഫീസർ, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ്, വയനാട്** എന്ന വിലാസത്തിൽ അയക്കേതാണ്.. ആവശ്യമായ പ്രമാണങ്ങളുടെ പകർപ്പുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടേയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഇനി ഒരറിയിപ്പ് കൂടാതെതന്നെ ഈ ചുരുക്കപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

9-2-2008 ന് നടത്തിയ എഴുത്തുപരീക്ഷയിൽ ഹാജരായിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളെയും ഈ ചുരുക്കപട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ ചുരുക്കപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, 25-08-2007 ലെ സർക്കാർ ഉത്തരവ് നം. 46/2007/എസ്.സി/എസ്.റ്റി.ഡി.ഡി പ്രകാരമോ GO(P) 4/08/SC/ST DD dated 3-1-2008 പ്രകാരമോ ഉള്ള നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് അഭിമുഖത്തിന്റെ സമയത്ത് ഹാജരാക്കേതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോംപറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്.

അഭിമുഖത്തിനുള്ള തീയ്യതി, സമയം, സ്ഥലം എന്നിവ പിന്നാലെ അറിയിക്കുന്ന താണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഉത്തരക്കടലാസ് പുന:പരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ചുരുക്കപട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുന:പരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉായിരിക്കുന്നതാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**പി.വിജയൻ**
**ജില്ലാ ഓഫീസർ**

**കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ**
ജില്ലാ ആഫീസ്, വയനാട്.

*V/KPSC6 ws1*